LIBRARY ARCHIVES Kerala Legislative Assembly

സസ്പെൻഷൻ

*൪൦൧. (൧൩൯) സാഹിബ് ബഹദൂർ എ. എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഒരു ഉദ്യോഗസ്ഥനെ അന്വേഷണത്തിനു വിധേയമായി സസ്പെൻഡു ചെയ്യുന്നതിനു മുൻപു് അയാളുടെ സമാധാനം ചോദിക്കാറുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ)

പ്രഥമദൃഷ്ട്യായിത്തന്നെ ശരിയായ ഒരു കേസുണ്ടെന്നു് (a strong prima facie case) ഗവൺമെൻറിനു ബോദ്ധ്യമാകുന്ന പക്ഷം ഉദ്യോഗസ്ഥനെ സസ്പെൻഷനിൽ നിറുത്തുകയും അതിനുശേഷം ഉദ്യോഗസ്ഥന്റെ സമാധാനം വാങ്ങിയും വേണ്ട അന്വേഷണങ്ങൾ (enquries)നടത്തി മേൽ നടപടികളെപ്പറ്റി തീരുമാനിക്കുകയുമാണു് പതിവു്.

ഭക്ഷ്യധാന്യ ഡിപ്പോകൾ

*൪൦൨. (൧൪) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഹോൾസെയിൽ ഭക്ഷ്യധാന്യഡിപ്പോകൾ തിരുവിതാംകൂർ വിഭാഗത്തിൽ, ഏതെല്ലാം താലൂക്കുകളിൽ ഇതിനകം നിറുത്തലാക്കിയിട്ടുണ്ടു്;

(ബി) ഈ ഡിപ്പോകൾ വീണ്ടും ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പു മന്ത്രി: (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കുന്നത്തുനാടു്, പറവൂർ, കോട്ടയം, ചങ്ങനാശ്ശേരി, അമ്പലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ താലൂക്കുകളിൽ.

(ബി) ഇല്ല.

ശബരിമല സംഭവം

*൪൦൩. (൧൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

ശബരിമല സംഭവത്തെ സംബന്ധിച്ചു് അന്വേഷിക്കുന്നതിനു് മദ്രാസു് ഗവൺമെൻറിൽനിന്നോ ഇൻഡ്യാ ഗവൺമെൻറിൽനിന്നോ പ്രത്യേകം ഉദ്യോഗസ്ഥന്മാരെ അയച്ചുതരണമെന്നു തിരുവിതാംകൂർ കൊച്ചി ഗവൺമെൻറു് ആവശ്യപ്പെട്ടിട്ടുണ്ടോ;

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ)

ഇല്ല.

സ്റ്റേറു് ഗസ്റ്റുകൾ

*൪൦൪. (൧൭) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) സഞ്ചാരികളെ തിരുവിതാംകൂർ കൊച്ചിയിലേക്കു ആകർഷിക്കുന്നതിനു എന്തെങ്കിലും പദ്ധതി തയാറാക്കാൻ ഗവൺമെണ്ടു് തീരുമാനിച്ചിട്ടുണ്ടോ;